# വല്ലപ്പുഴ സിഡിഎസ് പാലക്കാട്

ചൈതന്യ. ജി
കമ്മ്യൂണിക്കേഷൻ സ്പെഷ്യലിസ്റ്റ്
പബ്ലിക് റിലേഷൻസ് വിഭാഗം

സംസ്ഥാന മിഷൻ ഓഫീസിൽ നിന്ന് നിർദ്ദേശിച്ചതനുസരിച്ച് പാലക്കാട് ജില്ലയിലെ വല്ലപ്പുഴ സിഡിഎസിലാണ് ഞാൻ സന്ദർശനം നടത്തിയത്. സിഡിഎസ് ഓഫീസിലെത്തി ചെയർ പേഴ്സൺ, അക്കൗണ്ടന്റ്, സിഡിഎസ് അംഗങ്ങൾ എന്നിവരുമായി പൊതുവായ ചർച്ചകൾ നടത്തി. സിഡിഎസിന് കീഴിലുള്ള പൊതു അയൽക്കൂട്ടം പ്രത്യേക അയൽക്കൂട്ടം യോഗങ്ങളിലും പങ്കെടുത്തു. വിവിധ സംരംഭങ്ങളും അതുപോലെ തന്നെ ജെഎൽജിയും സന്ദർശിച്ചു.

**ഞാൻ എന്ത് പഠിച്ചു**

വല്ലപ്പുഴ സിഡിഎസിലെ പ്രവർത്തനങ്ങൾ പുതിയ ചെയർപേഴ്സൺ ഉൾപ്പെടുന്ന ഭരണസ മിതി നിലവിൽ വന്നതിന് ശേഷം നിരവധി പ്രശ്നങ്ങളുണ്ടായതായുള്ള സൂചനകൾ പലയിടങ്ങളിൽ നിന്ന് ലഭിച്ചിരുന്നു. അതിനാൽ തന്നെ ഈ പ്രശ്നങ്ങൾ കേട്ട് മനസ്സിലാക്കാ നുള്ള തയാറെടുപ്പോടെയാണ് അവിടെയെത്തിയതും. പ്രശ്നങ്ങളുണ്ടെന്ന് ചെന്നപ്പോൾ തന്നെ മനസ്സിലായി. ചെയർപേഴ്സണും അക്കൗണ്ടന്റും രണ്ട് തട്ടിലാണെന്നും ഇരുവരുടെയും ഭാഗങ്ങൾ ചേർന്ന് വാദിക്കാൻ പലരുമുണ്ടെന്നും മനസ്സിലായി. അതേസമയം പല പദ്ധതികളും മികച്ച രീതിയിൽ നടപ്പാക്കണമെന്ന താത്പര്യം ഇരുവർക്കുമുണ്ട്. പുറമേയുള്ള സ്വാധീനം കൂടുതലാകുന്നത് സിഡിഎസ് ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തെത്തന്നെ ബാധിക്കുന്നുവെന്നാണ് എനിക്ക് മനസ്സിലായത്. അതേസമയം ഇരുവരും പ്രശ്നങ്ങളൊക്കെ പറഞ്ഞ് തീർത്ത് പ്രവർത്തിക്കുകയാണെങ്കിൽ ഏറെ മെച്ചപ്പെടാനുള്ള സാഹചര്യം സിഡി എസിലുണ്ട്. ഈ അടുത്തകാലത്ത് പുതിയ സംരംഭങ്ങൾ ആരംഭിച്ചത് ശുഭസൂചനയാണ്.

അയൽക്കൂട്ടങ്ങൾ രണ്ടും മികച്ച രീതിയിലാണ് പ്രവർത്തിക്കുന്നത്. വയോജന അയൽക്കൂട്ട അംഗങ്ങളുടെ പങ്കാളിത്തം എന്നെ അത്ഭുതപ്പെടുത്തി. തുണി സഞ്ചികൾ തയാറാക്കി നൽ കുന്ന രണ്ട് സംരംഭ യൂണിറ്റുകൾ മികച്ച രീതിയിൽ നടന്ന് പോകുന്നതായി കണ്ടറിഞ്ഞു. രണ്ട് ആശ്രയ ഗുണഭോക്താക്കളെയും സന്ദർശിച്ചു. ഇവർക്ക് സഹായം യഥാസമയം ലഭിക്കുന്നു. എന്നാൽ കൂടുതൽ പിന്തുണ ഇരുവർക്കും ആവശ്യമുണ്ടെന്ന് മനസ്സിലായി. അവരുടെ ആവശ്യ ങ്ങൾ നിറവേറ്റാൻ പുതിയ ആശയങ്ങളെക്കുറിച്ച് ചിന്തിക്കാനോ പ്രാവർത്തികമാക്കാനോ സിഡിഎസിന് കഴിയുന്നില്ല.

**എന്ത് ചെയ്യാം**

പുതുതായി ഒരു സിഡിഎസ് ഭരണസമിതി നിലവിൽ വരുമ്പോൾ മികച്ച രീതിയിലുള്ള പരിശീലനവും അവരെ ഈ സംവിധാനത്തിലേക്ക് ഇണക്കി ചേർക്കാനുള്ള പ്രവർത്തനങ്ങളും അവശ്യമായി നടത്തണം. പൊതുരംഗത്ത് അത്ര പരിചയമില്ലാത്തവർ, കുടുംബശ്രീ സംവിധാന ത്തെക്കുറിച്ച് അറിവില്ലാത്തവർ, പഞ്ചായത്തിന്റെ ഇടപെടലുകൾ എങ്ങനെ വേണമെന്ന് ബോധ്യമില്ലാത്തവർ എന്നിവർക്കെല്ലാം ഇത് തുണയാകുമെന്ന് ഞാൻ കുരുതുന്നു. അതേസ മയം വർഷങ്ങളുടെ അനുഭവ സമ്പത്തുള്ള അക്കൗണ്ടന്റും ബ്ലോക്ക് കോർഡിനേറ്ററും അടക്കമുള്ളവർക്ക് പുതിയ ഒരു വ്യക്തിയെ തങ്ങളുടെ ഇടയിലേക്ക് സ്വാഗതം ചെയ്യാനുള്ള

മനോഭാവമുണ്ടാകേണ്ടത് അവശ്യമാണ്. അവർക്കും ഇതിനായി പ്രത്യേക പരിശീലനം നൽകണം.

ഇങ്ങനെയൊരു പ്രശ്നമുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടാൽ ജില്ലാ മിഷൻ ആ പ്രശ്നങ്ങൾ പരിഹരിക്കാൻ ഫലപ്രദമായി ഇടപെടേണ്ടതാണ്. കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ യഥാസമയം അറിയുന്നില്ല, അല്ലെങ്കിൽ പൂർണ്ണമായ വിവരങ്ങൾ സിഡിഎസ് തലത്തിലേക്ക് ലഭിക്കുന്നില്ല. പദ്ധതികളെ അറിയാനും അത് ജനങ്ങളിലേക്കെത്തിക്കാനുമുള്ള ആർജ്ജവമുണ്ടാകേണ്ടത് അനിവാര്യമാണ്.